1. ഫിസിക്സ്, കെമിസ്ട്രി, ബയോളജി അഥവാ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഇവ ഐച്ഛിക വിഷയങ്ങളായി പഠിച്ച് കേരള, കോഴിക്കോട്, ഗാന്ധിജി സർവകലാശാലകളിൽ ഏതെങ്കിലുമൊന്നിൽ നിന്ന് പ്രീഡിഗ്രിയോ തത്തുല്യമോ ആയ പരീക്ഷ പാസ്സായിരിക്കണം.

2. ചുരുങ്ങിയത് 17 വയസ്സ് പൂർത്തിയായിരിക്കണം.

3. 163 സെന്റീമീറ്റർ ഉയരവും (സാധാരണ നിലയിൽ) 79 സെ.മീറ്ററും വികസിപ്പിച്ചാൽ 5 സെ. മീ. വികാസമടക്കം 84 സെ. മീറ്ററും നെഞ്ചളവ് ഉണ്ടായിരിക്കണം.

4. കേരള കാർഷിക സർവ്വകലാശാല നടത്തുന്ന പ്രവേശന പരീക്ഷയിൽ വിജയിച്ചിരിക്കണം.

(ഡി) നാലുവർഷത്തെ.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

Anglo Indion Candidate Selected for B. Sc. (Agriculture)

1007. [1464] Shri Stephen Padua : *Will the Minister for Agriculture be pleased to state :*

The name aud address of Anglo Indian Candidate selected for B.Sc. (Agriculture) 1st year to the reserved seat for Anglo Indians during this year ?

Answer

No select and wait lists have been prepared for B. Sc. Agriculture under Anglo-Indians Category.

പുതിയ മൃഗാശുപത്രികൾ

1008. [1465] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി മൃഗാശുപത്രികൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത എത്ര മൃഗാശുപത്രികൾ ഇപ്പോൾ സംസ്ഥാനത്തുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 71.

ശ്രീനാരായണപുരം പഞ്ചായത്തിൽ മൃഗാശുപത്രി

1009. [1466] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീനാരായണപുരം പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ആശുപത്രികൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുമ്പോൾ ശ്രീനാരായണപുരം പഞ്ചായത്തിന്റെ കാര്യവും പരിഗണിക്കും.

പോത്തിറച്ചി സംസ്ക്കരണ കേന്ദ്രം

1010. [1467] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലുള്ള കാഞ്ഞിരപ്പള്ളിയിൽ തുടങ്ങുവാൻ നദ്ദേശിക്കുന്ന പോത്തിറച്ചി സംസ്ക്കരണ കേന്ദ്രത്തിന്റെ സ്ഥലമെടുപ്പു നടപടി എന്തായി ;

(ബി) ഇതു എന്നത്തേക്ക് പൂർത്തീകരിക്കും ;

(സി) ഇതിനു തുക നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഖ്യ നൽകി ?

ഉത്തരം

(എ) സ്ഥലമെടുപ്പു നടപടി പൂർത്തിയായി.

(ബി) 24-9-1986-ൽ പൂർത്തീകരിച്ചു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

1011. [1468] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ ധനകാര്യവകുപ്പിൽ പുതുതായി ഏതെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തസ്തികകൾ ?

(സി) അതിലേക്കുവേണ്ടി വരുന്ന ചെലവ് എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ പതിനാല് (14)

അഡീഷണൽ സെക്രട്ടറി	—	1
ജോയിന്റ് സെക്രട്ടറി	—	1
സെക്ഷൻ ഓഫീസർ	—	4
അസിസ്റ്റന്റ് ഗ്രേഡ് 2	—	6
ടൈപ്പിസ്റ്റ് ഗ്രേഡ് 2	—	1
ശിപായി	—	1

(സി) പ്രതിമാസം 19,367 രൂപ.

തൃശ്ശൂർ ജില്ലയിൽ അഡീഷണൽ ഡിസ്ട്രിക്റ്റ് ട്രഷറി

1012. [1469] ശ്രീ കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ അഡീഷണൽ ഡിസ്ട്രിക്റ്റ് ട്രഷറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly